<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577</u> <u>31-08-2022 - ൽ മറുപടിയ്ക്ക്</u>

<u>തരിശുരഹിത ഗ്രാമം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽകൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തരിശുരഹിത ഗ്രാമം പദ്ധതി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തരിശുരഹിത ഗ്രാമം എന്ന ഒരു ജനകീയ ക്യാമ്പെയിൻ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി മലപ്പുറം, കോഴിക്കോട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലായി 87 ഗ്രാമ പഞ്ചായത്തുകളെ തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കണ്ടെത്തിയ തരിശു ഭൂമികളിൽ കൃഷിയോഗ്യമാക്കാൻ സാധ്യമായതും ഭൂവുടമകൾ സമ്മതം നൽകിയതുമായ പാടങ്ങളും കരഭൂമി ഉൾപ്പെടെയുള്ള പ്രദേശത്ത് കൃഷിയിറക്കിയാണ് തരിശുരഹിത ഗ്രാമം പ്രഖ്യാപനം നടത്തിയിരുന്നത്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും പ്രസ്തുത ക്യാമ്പെയിന്റെ ഭാഗമായി തരിശുരഹിത ഗ്രാമങ്ങളായും ആ നിയമസഭാ മണ്ഡലത്തിനെ തരിശുരഹിത മണ്ഡലമായും പ്രഖ്യാപിച്ചിരുന്നു. തരിശുരഹിത ഗ്രാമം പ്രഖ്യാപനത്തിന്റെ ഭാഗമായി തരിശു പാടങ്ങളിലും കരഭൂമിയിലും നെൽകൃഷി നടത്തുകയും ചെയ്തു. നിലവിലെ സർക്കാർ വന്നതിനു ശേഷം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളുടെയും മറ്റ് അനുബന്ധ ഏജൻസികളുടെയും ഏകോപനത്തിൽ പുതിയതായി 152 തരിശു രഹിത ഗ്രാമങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നേരത്തെ തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ച ഗ്രാമ പഞ്ചായത്തുകളിൽ ആ അവസ്ഥ |

| | | | |
|---|---|---|---|
| | | | തുടരുന്നതിനായുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. |
| (ബി) | തരിശുരഹിത ഗ്രാമം പദ്ധതി മുഖേന കേരളത്തിൽ നെൽകൃഷിയുടെ ഉല്പാദനം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | തരിശുരഹിത ഗ്രാമ പദ്ധതിയുടെ ഭാഗമായി നെല്ലുല്പാദനത്തിൽ 4% വർദ്ധനവുണ്ടായതായി കണക്കാക്കപ്പെടുന്നു. |
| (സി) | വിളവെടുത്തു കഴിഞ്ഞാൽ ഉടൻ തന്നെ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനായി സപ്ലൈകോ/ സംഭരണ ഏജൻസി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ; | (സി) | 1)2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം ഒന്നാം തീയതി തന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്ന് നൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികൾ ആകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്. രണ്ട് മില്ലുകൾ തയ്യാറായി വന്നിട്ടുണ്ട്.<br><br>3) നെല്ല് സംഭരണത്തിന് ആവശ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>4) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നത് അനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്ന താണ്. (മുൻവർഷങ്ങളിൽ സെപ്റ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.)<br><br>5) കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നതിന് അനുവർത്തിച്ചു വരുന്ന പാഡി റെസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാ പദ്ധതി മൂലം നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൈമാറുവാൻ കാലതാമസം ഉണ്ടാകുന്നത് എന്നതിനാൽ പ്രസ്തുത വായ്പാ പദ്ധതിയ്ക്ക് പകരമായി ബാങ്കുകളിൽ നിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ഡി) | വിളവെടുപ്പ് കഴിഞ്ഞ് യഥാസമയം സപ്ലൈകോ നെല്ല് സംഭരിക്കാത്തതുമൂലം നെല്ല് കിടന്ന് നശിക്കുന്നതിനാൽ കർഷകർക്ക് നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല.2021-22 സീസണിൽ 254072 കർഷകരിൽ നിന്നും 7.484 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ഇ) | സപ്ലൈകോ മുൻകാലങ്ങളിൽ ശേഖരിച്ച നെല്ലിന്റെ വില ഏതെങ്കിലും കർഷകർക്ക് നൽകാൻ അവശേഷിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക നൽകാനുണ്ടെന്നും അത് എപ്പോൾ വിതരണം ചെയ്യുമെന്നും അറിയിക്കുമോ? | (ഇ) | 2021-22 സീസണിൽ 249813 കർഷകർക്ക് 2071 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക ആയി 4214 കർഷകർക്ക് കൊടുക്കാനായി 24.33 കോടി രൂപ മിച്ചമുണ്ട്. പി.ആർ.എസ് ലോൺ പദ്ധതി പ്രകാരം തുക സ്വീകരിക്കുവാൻ തയ്യാറാകാതിരുന്നതിനാലാണ് ടി കർഷകർക്ക് |

| | | | |
|---|---|---|---|
| | | | നെല്ലിന്റെ വില നൽകാൻ കാലതാമസം നേരിട്ടത്. ഇത്തരത്തിൽ ഉള്ള കർഷകരെ കണ്ടെത്തി നേരിട്ട് തുക നൽകുന്ന പ്രവർത്തനം സമയബന്ധിതമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ